DESPATCHED
On..11/03/22.....

5/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2357*(7)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **14420**/*എസ്.ഐ.സി-ജി 6/2014*)

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.സി.ജോർജ്ജ്,
കോക്കാടൻ ഹൗസ്,
കണ്ണമ്പത്തൂർ,
ചെങ്ങാലൂർ പി.ഒ. 680312 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   പുതുക്കാട് ഗ്രാമപഞ്ചായത്ത്,
   പുതുക്കാട് പി.ഒ.,
   തൃശ്ശൂർ.

2. അപ്പീൽ അധികാരി&
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
   തൃശ്ശൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25.06.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11.07.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 31.07.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 02.08.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 12.09.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 17.09.2014 |
| ഹിയറിംഗ് നടന്ന തീയതി | 04.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു |
| എസ്.പി.ഐ.ഒ. | ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.സി.ജോർജ്ജ്, 12.09.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 17.09.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.2357(7)/14/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അപ്പീൽ സമർപ്പിച്ചുവെന്നും ടി അപ്പീലിന് മറുപടി ലഭ്യമായില്ലെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 25.06.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

എ) ചാക്കോച്ചിറ മുതൽ ഉഴിഞ്ഞാൽപ്പാടം പാലം വരെയുള്ള പുറം പോക്ക് തോടിന്റെ രേഖകൾ പ്രകാരമുള്ള നീളം, വീതി എന്നിവ നൽകണമെന്നും

ബി) ടി തോടിന്റെ നിലവിലെ നീളം, വീതി എന്നിവ നൽകണമെന്നും

സി) കൈയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ പ്രസ്തുത വിവരം രേഖപ്പെടുത്തി നൽകണമെന്നും

ഡി) കൈയ്യേറ്റ ഭൂമി പതിച്ചു നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ വിവരം നൽകണമെന്നുമാണ്.

ആയതിന് 11.07.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ടിയാൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും പ്രസ്തുത വിവരങ്ങൾ വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമാകുമെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 02.08.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ടി ഓഫീസിൽ സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പു കൽപ്പിക്കുന്നതിനായി 20.08.2014ന് രാവിലെ 11.30ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ

ചേമ്പറിൽ വച്ച് ടിയാനെയും പുതുക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയേയും നേരിൽ കേൾക്കുവാൻ നിശ്ചയിച്ചതായി അറിയിക്കുകയും ആവശ്യമായ രേഖകൾ സഹിതം ഹാജരാകണമെന്നുമാണ് അറിയിച്ചത്.

4. 30.10.2014ന് രണ്ടാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് ടിയാൻ സമർപ്പിച്ച അപ്പീൽ ഹർജിയിന്മേൽ ഇരുകക്ഷികളെയും നേരിൽ കേൾക്കുവാൻ നിശ്ചയിച്ച് അറിയിപ്പു നൽകിയതു പ്രകാരം ഹർജിക്കാരനും എസ്.പി.ഐ.ഒ.യും ഹാജരാകുകയും ടിയാന്റെ അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്ന് ഹർജിക്കാരൻ അപ്പീൽ അധികാരിയെ ബോധിപ്പിക്കുകയും ചെയ്തു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ കാണുന്നില്ലെന്നും ആയതിനാൽ പ്രസ്തുത വിവരം ഹർജിക്കാരനെ യഥാസമയം അറിയിച്ചിട്ടുണ്ടെന്നുമാണ്. ടി വിഷയം സംബന്ധിച്ച് തൊറവ് വില്ലേജ് ഓഫീസറോട് വിവരങ്ങൾ ആരാഞ്ഞിരുന്നതും ആയതിന് മറുപടി ലഭിച്ചിട്ടുണ്ടെന്നും എസ്.പി.ഐ.ഒ. ബോധിപ്പിക്കുകയും ചെയ്തു. എന്നാൽ അപേക്ഷ ലഭിച്ചയുടൻ തന്നെ ടി വിവരം വില്ലേജ് ഓഫീസിൽ ലഭ്യമാകുമെന്നറിയാമായിരുന്നെങ്കിലും വിവരാവകാശ നിയമപ്രകാരം ടിയാന്റെ അപേക്ഷ പ്രസ്തുത വില്ലേജ് ഓഫീസർക്ക് നൽകി ടി വിവരം ഹർജിക്കാരനെ അറിയിക്കുന്നതിന് എസ്.പി.ഐ.ഒ.യ്ക്ക് വീഴ്ച സംഭവിച്ചതായി അപ്പീൽ അധികാരി നിരീക്ഷിച്ചുവെന്നും എന്നിരുന്നാലും അപേക്ഷ ലഭിച്ചതിനു ശേഷം ബന്ധപ്പെട്ട വില്ലേജ് ഓഫീസിലേയ്ക്ക് കത്തു നൽകി വിവരങ്ങൾ ശേഖരിച്ചതായി കാണുന്നതിനാൽ ലഭ്യമായ വിവരങ്ങൾ ടിയാന് ഈ അപ്പീൽ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം സൗജന്യമായി നൽകുന്നതിന് നിർദ്ദേശിച്ചും ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് നിർദ്ദേശം നൽകിക്കൊണ്ടും അപ്പീൽ തീർപ്പാക്കി ഉത്തരവായെന്നുമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് യാതൊരു മറുപടിയും ലഭ്യമാക്കിയില്ലെ

ന്നാണ് കമ്മീഷൻ മുമ്പാകെയുള്ള പരാതി. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, 24.01.2022ലെ റിപ്പോർട്ട് കമ്മീഷൻ അംഗീകരിച്ചുകൊണ്ട് പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 05-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/